File No.DGE/7967/2021-N2

"ഭരണഭാഷ - മാതൃഭാഷ"

നം: DGE/7967/2021-N2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 05/08/2021

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധാനാധ്യാപകർക്കും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം )

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് - സംബന്ധിച്ച് :-

സൂചന :- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 27/07/2021 ലെ കത്ത് നം. **BCDR/296/2021-A3** തീയതി.

******************

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ സൂചന കത്ത് പ്രകാരം ചുവടെ ചേർക്കുന്ന വിഷയങ്ങൾ ഉന്നയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ അനുവദിക്കുന്ന സ്കോളർഷിപ്പ് ആണ് ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ്. മുൻ വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരുന്നില്ല എന്നും, ആയതിൽ സ്കൂളുകളിൽ നിന്നും ഓൺലൈനിൽ എന്റർ ചെയ്യുന്ന വിവരങ്ങളിൽ വരുമാനമായി വളരെ തുച്ഛമായ തുക രേഖപ്പെടുത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണെന്നും. ഓരോ വർഷവും മൂന്നര ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾ ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിനു അപേക്ഷ സമർപ്പിക്കാറുള്ളതിൽ , ഫണ്ടിന്റെ പരിമിതി മൂലം അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈ സ്കോളർഷിപ്പ് അനുവദിക്കാനാവുന്നില്ല എന്നും, ആയതിനാൽ കൂടിയ മാർക്ക് , കുറഞ്ഞ വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിലവിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നത് എന്നും അറിയിച്ചിട്ടുള്ളതാണ്.

വാർഷിക വരുമാനം ഗുണഭോക്തൃ നിർണയത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമായതുകൊണ്ട് തന്നെ ഏറ്റവും അർഹരായവർക്ക് തന്നെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് അപേക്ഷകരുടെ വാർഷിക വരുമാനം കൃത്യമായി ലഭ്യമാക്കേണ്ടത് അനിവാര്യമായതിനാൽ, ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്ട് പോർട്ടലുമായി ലിങ്ക് ചെയ്തിട്ടുള്ള സാഹചര്യത്തിൽ , **2021-22 മുതൽ ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം ഇ-ഡിസ്ട്രിക്ട് മുഖേന ലഭ്യമായ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട് എന്ന് സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ , ഓരോ വർഷവും വരുമാന സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിന് അപേക്ഷകർക്ക് ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് തുടർന്നുള്ള വർഷങ്ങളിൽ പ്രീ-മെട്രിക് തലത്തിൽ ലോവർ പ്രൈമറി,**

Scanned with CamSca

അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നീ ഘട്ടങ്ങളെ ഓരോ കോഴ്സുകളായി കണക്കാക്കി പ്രസ്തുത കോഴ്സിന് പ്രവേശിക്കുന്ന 1,5,8 ക്ലാസുകളിൽ മാത്രം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മതിയാകുന്നതാണ് എന്നും സൂചന പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

ഈ വിഷയത്തിൽ നിലവിൽ കോവിഡ്-19 നുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ മൂലം റവന്യൂ വകുപ്പിൽ നിന്നും സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ, സ്കോളർഷിപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടൊപ്പം മാത്രം ഈ നിർദ്ദേശം നല്കുന്നത് രക്ഷിതാക്കൾക്കും , റവന്യൂ ഉദ്യോഗസ്ഥർക്കും ഉണ്ടാക്കിയേക്കാവുന്ന പ്രായോഗിക വൈഷമ്യം കണക്കിലെടുത്ത് 2021-22 അദ്ധ്യയന വർഷം എല്ലാ അപേക്ഷകരും അപേക്ഷയോടൊപ്പം ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടി വരുമെന്നും , ആയത് റവന്യൂ വകുപ്പിൽ നിന്നും മുൻകൂട്ടി ശേഖരിച്ച് വയ്ക്കണമെന്നും സ്കൂൾ പ്രധാനാധ്യാപകർ മുഖേന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അറിയിപ്പ് നല്കണമെന്നും സൂചന പ്രകാരം അറിയിച്ചിട്ടുള്ളതാണ്

ഈ സാഹചര്യത്തിൽ, മേൽ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും/എല്ലാ പ്രധാനാധ്യാപകരും മേൽ പറഞ്ഞ പ്രകാരമുള്ള അറിയിപ്പുകൾ എല്ലാ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സമയബന്ധിതമായി നൽകുന്നതിനാവശ്യമായ ഉചിത മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) &
നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

Scanned with CamScanner